ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) & (ഡി) ഒരു വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കണമെന്ന എം.എൽ.എ. യുടെ അഭ്യർത്ഥന പരിശോധിച്ചുവരികയാണ്.

തളി, കഴകം തസ്തികകളിൽ പാർട്ട്-ടൈം ജീവനക്കാരെ ഫുൾ-ടൈം ജീവനക്കാരാക്കാൻ നടപടി

84 [2834] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ ജോലിചെയ്തുവരുന്ന തളി, കഴകം തസ്തികകളിൽപ്പെട്ട പാർട്ട്-ടൈം ജീവനക്കാരിൽ ഏത് വർഷം വരെ സർവ്വീസിൽ പ്രവേശിച്ചവരെ ഫുൾ-ടൈം ജീവനക്കാരായി മാറ്റിയിട്ടുണ്ട്;

(ബി) ഇപ്പോൾ നിലവിൽ ഈ തസ്തികകളിൽ ഫുൾ-ടൈം ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പാർട്ട്-ടൈം ജീവനക്കാരെ ഫുൾ-ടൈം ജീവനക്കാരാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തളി ലാവണത്തിൽ 1999-ലെ ലിസ്റ്റ് പ്രകാരം 51 റാങ്കുവരെയും കഴകം ലാവണത്തിൽ 2002-ലെ ലിസ്റ്റുപ്രകാരം 33 റാങ്കുവരെയും ഉള്ളവരെ ഫുൾ-ടൈം ജീവനക്കാരായി മാറ്റിയിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

വള്ളംകളി പ്രോത്സാഹിപ്പിക്കാൻ നടപടികൾ

85 [2835] *ശ്രീ. റോഷി അഗസ്റ്റിൻ:*

" *കെ. നാരായണക്കുറുപ്പ്:*

" *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്ന വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വള്ളങ്ങളുടെ സംരക്ഷണവും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനവും വളരെയേറെ ചെലവേറിയതായതിനാൽ സർക്കാരിൽ നിന്നും ഇവയ്ക്ക് സഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ വള്ളങ്ങൾക്കും സഹായധനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രശസ്തമായ വള്ളംകളികൾക്ക് ടൂറിസം വകുപ്പ് എല്ലാ വർഷവും ധനസഹായം നൽകാറുണ്ട്. സുപ്രധാനമായവയുടെ വിവരം ചുവടെ ചേർക്കുന്നു:

1. നെഹ്റു ട്രോഫി വള്ളംകളി, ആലപ്പുഴ
2. ചമ്പക്കുളം മൂലംവള്ളംകളി
3. ആറന്മുള ഉത്രട്ടാതി വള്ളംകളി
4. കോട്ടയം താഴത്തങ്ങാടി വള്ളംകളി
5. മദർതെരേസ വള്ളംകളി, ചെറുകോൽ
6. രാജീവ് ഗാന്ധി സ്മാരക വള്ളംകളി – പുളിങ്കുന്ന്
7. മഹാത്മാഗാന്ധി സ്മാരക വള്ളംകളി – മാന്നാർ
8. അയ്യങ്കാളി ട്രോഫി വള്ളംകളി – വെള്ളായണി

അന്തർദേശീയതലത്തിൽ ഈ വള്ളംകളികൾക്ക് പരസ്യപ്രചരണവും ടൂറിസം വകുപ്പ് നൽകി വരുന്നു. വള്ളംകളികൾ നടക്കുന്ന പ്രദേശങ്ങളിൽ സഞ്ചാരികൾക്ക് അവശ്യം വേണ്ട അടിസ്ഥാനസൗകര്യങ്ങളും ടൂറിസം വകുപ്പ് ഒരുക്കുന്നുണ്ട്.

(ബി) മത്സര വള്ളംകളികളിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾക്ക് 25,000 രൂപ വീതം സംരക്ഷണത്തിനായുള്ള ധനസഹായം ടൂറിസം വകുപ്പ് കഴിഞ്ഞ വർഷവും, ഈ വർഷവും നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

ദേവസ്വം ബോർഡുകളുടെ പ്രവർത്തനം

86 [2836] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള എത്ര ദേവസ്വം ബോർഡുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly